**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2149** **01-09-2022 - ൽ മറുപടിയ്ക്ക്**

**പേ വിഷബാധക്കെതിരായ കുത്തിവയ്പ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേ വിഷബാധക്കെതിരായ കുത്തിവയ്പ്പെടുത്തവർ രോഗബാധിതരായി മരണപ്പെട്ട വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള എല്ലാ പേവിഷബാധ മരണങ്ങളും സംബന്ധിച്ച് ജില്ലാ തലത്തിൽ വിശദമായ അന്വേഷണം നടത്തി തയ്യാറാക്കിയ Death Information Report, സംസ്ഥാന തലത്തിൽ വിദഗ്ധസമിതി (Death Audit Committee) പരിശോധിച്ച് മരണകാരണം സംബന്ധിച്ച് തീരുമാനമെടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇത്തരം മരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരമൊരു സാഹചര്യമുണ്ടായതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പേവിഷബാധയ്ക്കെതിരായ കുത്തിവയ്പ് എടുത്തിട്ടും മരണമടഞ്ഞവരിൽ, രോഗബാധ സാദ്ധ്യത കൂടുതലുള്ള മുഖം, കഴുത്ത്, കൈവെള്ള, വിരലുകൾ എന്നിവിടങ്ങളിലാണ് കടിയേറ്റിരിക്കുന്നത്. ഇവയെല്ലാം category 3 വിഭാഗത്തിൽപ്പെട്ട മുറിവുകളാണ്. ഇവർക്കെല്ലാം തന്നെ നായയുടെ കടിയേറ്റ് ഒരു മാസത്തിനുള്ളിൽ മരണം സംഭവിച്ചിട്ടുണ്ട്. |
| (സി) | പേ വിഷബാധ പ്രതിരോധിക്കുന്നതിനും കുത്തിവയ്പ്പെടുത്തവർക്ക് രോഗം വരാതിരിക്കുന്നതിനും സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | പേവിഷബാധ മൂലം മരണമടഞ്ഞ ഭൂരിപക്ഷം വ്യക്തികളും മുറിവുകൾ നിസ്സാരമായി കാണുകയും, അവശ്യം വേണ്ട ശ്രദ്ധ നൽകാതെയും യഥാസമയം പ്രതിരോധ കുത്തിവയ്പ് സ്വീകരിക്കാത്തവരുമാണ്. ആയതിനാൽ പേവിഷബാധ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കുന്നതിന് പൊതുജനങ്ങളുടെ ഇടയിൽ ബോധവത്കരണം നടന്നു വരുന്നു. വിവിധ ദൃശ്യ/ ശ്രവ്യ/പത്ര മാദ്ധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ മുഖേനയും ഈ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മൃഗങ്ങളുടെ കടിയേറ്റാൽ നൽകേണ്ട പ്രാഥമിക ശുശ്രൂഷ, ആശുപത്രിയിൽ കാണിച്ച് എത്രയും പെട്ടെന്ന് പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുന്നത്, നിർദ്ദിഷ്ട |

| | | | |
|---|---|---|---|
| | | | ഇടവേളകളിൽ എല്ലാ ഡോസ് വാക്സിനും എടുക്കുക എന്നിവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. മുറിവുകളുടെ പ്രാഥമിക ശുശ്രൂഷയുടെ ഭാഗമായി 15 മിനിട്ട് സോപ്പും വെള്ളവും ഒഴിച്ച് നല്ലതു പോലെ കഴുകിയാൽ 90 ശതമാനത്തിലധികം വൈറസും നിർവീര്യമാവുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യപ്പെടുന്നു. ഇത് എല്ലാവർക്കും എളപ്പത്തിൽ പാലിക്കാൻ കഴിയുന്നതാണ്. മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ചേർന്ന് വളർത്തുമൃഗങ്ങളുടെ വാക്സിനേഷൻ സംബന്ധിച്ച് ബോധവത്കരണം നടത്തി വരുന്നു. ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, നഴ്സുമാർ, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവർക്ക് പേവിഷബാധയെ പറ്റിയുള്ള തുടർപരിശീലന പരിപാടികൾ നൽകി വരുന്നു. കൂടാതെ IDRV, ERIG എന്നിവ നൽകാനുള്ള പരിശീലനവും ഇതിന്റെ ഭാഗമായി നൽകുന്നുണ്ട്.<br><br>IDRV, ERIGഎന്നീ പേവിഷ പ്രതിരോധകുത്തിവയ്പ് മരുന്നുകൾ പരമാവധി സ്ഥാപനങ്ങളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>IDRV, ERIGമരുന്നുകൾ KMSCL മുഖേനയാണ് ലഭ്യമാക്കുന്നത്. ഇവയുടെ സംഭരണത്തിലും വിതരണത്തിലും നിർദ്ദിഷ്ട ശീതീകരണ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്. കൂടാതെ കൃത്യമായ അളവിലും സാങ്കേതിക രീതിയിലും ഈ മരുന്നുകൾ നൽകാൻ പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകരാണ് ഇവ നൽകുന്നത്. |

സെക്ഷൻ ഓഫീസർ